പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4230 — 03.02.2014 -ൽ മറുപടിക്ക്.

ടെക്സ്റ്റൈൽ മേഖലയിലെ ജീവനക്കാരുടെ ക്ഷാമബത്ത

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. ഉബൈദുള്ള | ശ്രീ. ഷിബു ബേബി ജോൺ (തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) ടെക്സ്റ്റൈൽ മേഖലയിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് ഇപ്പോൾ നൽകിവരുന്ന ക്ഷാമബത്ത ഏത് വർഷം അടിസ്ഥാനമാക്കിയുള്ളതാണ്; | (എ) 1998-99 = 100 എന്ന ബേസിലാണ് ടെക്സ്റ്റൈൽ ജീവനക്കാരുടെ ക്ഷാമബത്ത ഇപ്പോൾ നൽകി വരുന്നത്. |
| (ബി) സർക്കാർ ജീവനക്കാരുടെയും അധ്യാപകരുടെയും അർദ്ധസർക്കാർ ജീവനക്കാരുടെയും ക്ഷാമബത്ത കാലാനുസരണം പുതുക്കി നിശ്ചയിക്കുമ്പോൾ ടെക്സ്റ്റൈയിൽ മേഖലയിലുള്ള ജീവനക്കാർക്ക് മാത്രം ക്ഷാമബത്ത പുതുക്കി നിശ്ചയിക്കാത്തതിനുള്ള കാരണം വ്യക്തമാക്കാമോ; | (ബി) ടെക്സ്റ്റൈൽ വ്യവസായത്തിലെ തൊഴിലാളികളുടെ മിനിമം വേതനം പുതുക്കി നിശ്ചയിക്കുമ്പോഴാണ് ക്ഷാമബത്തയും പുതുക്കി നിശ്ചയിക്കുന്നത്. ടെക്സ്റ്റൈൽ മേഖലയിൽ മിനിമം വേതനം അവസാനമായി പുതുക്കി നിശ്ചയിച്ചത് 10.08.2010ന് ടെക്സ്റ്റൈൽ വ്യവസായബന്ധ സമിതിയിൽ ഉണ്ടായ ഒത്തുതീർപ്പുകളുടെ അടിസ്ഥാനത്തിൽ ഒപ്പിട്ട ദീർഘകാല കരാറിലൂടെയാണ്. പ്രസ്തുത കരാറിന്റെ കാലാവധി 5 വർഷമാണ്. അതിനാൽ ടി കാലാവധി പൂർത്തിയാകുന്ന മുറയ്ക്ക് വേതനം പുതുക്കി നിശ്ചയിക്കുമ്പോൾ ക്ഷാമബത്തയും പുതുക്കി നിശ്ചയിക്കുന്നതാണ്. |
| (സി) ക്ഷാമബത്ത വർദ്ധിപ്പിക്കണമെന്നാവശ്യപ്പെട്ട് വിവിധ ട്രേഡ് യൂണിയനുകൾ നൽകിയ നിവേദനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (സി) ടെക്സ്റ്റൈൽ മേഖലയിലെ ക്ഷാമബത്ത കാലാനുസൃതമായി പരിഷ്ക്കരിക്കണമെന്നുള്ള അഭിപ്രായം ടെക്സ്റ്റൈൽ വ്യവസായബന്ധ സമിതിയിൽ അംഗങ്ങൾ ഉന്നയിക്കാറുണ്ട്. |

| | | |
|---|---|---|
| (ഡി) ഇതിന്റെ അടിസ്ഥാനത്തിൽ ജീവനക്കാരുടെ ക്ഷാമബത്ത പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;<br><br>(ഇ) എങ്കിൽ ക്ഷാമബത്ത പുതുക്കി നിശ്ചയിക്കാനായി സത്വര നടപടികൾ സ്വീകരിക്കുമോ ? | (ഡി) & (ഇ) | ടെക്സ്റ്റൈൽ തൊഴിലാളികളുടെ ശമ്പള പരിഷ്ക്കരണം സംബന്ധിച്ച് 10.08.2010 ന് ഒപ്പിട്ട ദീർഘകാല കരാറിന്റെ 5 വർഷ കാലാവധി പൂർത്തിയാകുന്ന മുറയ്ക്ക് ക്ഷാമബത്ത പരിഷ്ക്കരിക്കുന്നതാണ്. |

സെക്ഷൻ ആഫീസർ.